KSTA STATE COMMITTEE
THIRUVANANTHAPURAM
THYCAUD

## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസവകുപ്പ് - 2016-17 അദ്ധ്യായന വർഷം അധ്യാപകരെ താല്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ(സാധാ) നം.2539/2016/പൊ.വി.വ തീയതി, തിരുവനന്തപുരം, 4.8.2016

---

പരാമർശം: പൊതുവിദ്യാഭ്യാസഡയറക്ടറുടെ 15.06.2016 ലെ എച്ച്2/39221/16/ഡിപിഐ നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 2016-17 അധ്യയന വർഷം ആരംഭിച്ചതിനാൽ ഈ വർഷത്തെ തസ്തികനിർണ്ണയ നടപടികൾ അവസാനിക്കാതെ ഒഴിവുകൾ കണക്കാക്കി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാനാകില്ല എന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും പ്രഥമാധ്യാപകരുടെയും പി.റ്റി.എ ഭാരവാഹികളുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്നും സ്കൂളുകളിൽ അധ്യാപകരില്ലാത്തതുമൂലം അധ്യയനം മുടങ്ങുന്നതായി നിരന്തരമായി എല്ലാ ജില്ലകളിൽ നിന്നും പരാതി ഉയരുന്നതിനാൽ ഇതിന് അടിയന്തരമായി പരിഹാരം കാണുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

എ) 2015-16-ൽ അധികമായി കണ്ടെത്തിയ അധ്യാപകരെ മുഴുവൻ നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥലംമാറ്റി ക്രമീകരിച്ചിരിക്കണം. ഈ വർഷത്തെ (2016-17) തസ്തിക നിർണ്ണയം കഴിഞ്ഞാലുടൻ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 14.08.2002 ലെ ജി.ഒ(പി).നം.249/2002/പൊ.വി.വ., 20.12.2004 ലെ ജി.ഒ(പി).നം.382/2004/പൊ.വി.വ, 26.02.2016 ലെ ജി.ഒ(പി).നം. 28/2016/ധന.വ. തുടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കണം.

സി) 2015-16 ലെ തസ്തിക നിർണ്ണയത്തിൽ ഏതെങ്കിലും കാറ്റഗറിയിൽ അധ്യാപകർ അധികമെന്ന് കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത്.

ഡി) 2016-17 അധ്യയന വർഷത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ 1:30, 6 മുതൽ 8 വരെ ക്ലാസ്സുകളിൽ 1:35, 9 മുതൽ 10 വരെ ക്ലാസുകളിൽ 1:45 അനുപാതത്തിൽ ഡിവിഷനും ഒഴിവും നിലനിൽക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ നിയമനം നടത്താവൂ.